# പാഠം 35

# യെഹിസ്കിയാവ്

**വേദഭാഗം** : 2 ദിന. 32:24
യെശ. 38:1-22

**തങ്കവാക്യം** : യാക്കോ 5:15

*എന്നാൽ വിശ്വാസത്തോടു കൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും.*

**പാഠം**

ദാവീദ് രാജാവിന്റെ മകനായ ശലോമോന്റെ കാലശേഷം ഇസ്രായേൽ രാജ്യം രണ്ടായി പിരിഞ്ഞു. തെക്കേ രാജ്യമായ യഹൂദ്യയിലെ ചില രാജാക്കന്മാർ ദൈവകൽപ്പന അനുസരിച്ച് ജീവിക്കുകയും ഭരിക്കുകയും ചെയ്തു. അവരിൽ ഒരാളായിരുന്നു യെഹിസ്ക്കിയാ രാജാവ്. അദ്ദേഹം ഭരണം ആരംഭിച്ചപ്പോൾ ദൈവാലയത്തിലെ ആരാധന യഥാസ്ഥാനത്താക്കി. യെഹിസ്ക്കിയാവ് ദൈവഭയത്തോടു കൂടി ഭരണം നടത്തിയതുകൊണ്ട് ദൈവം അവനെ അനുഗ്രഹിക്കുകയും ചെയ്തു.

അശൂർ രാജാവായ സൻഹേരീബ് തന്റെ സൈന്യങ്ങളോടു കൂടി യെരുശലേമിനെ ആക്രമിച്ചപ്പോൾ യെഹിസ്ക്കിയാവ് ദൈവത്തോട് പ്രാർത്ഥിച്ചു. യെശയ്യാ പ്രവാചകനും പ്രാർത്ഥനയിൽ പങ്കെടുത്തു. രാജാവ് ജനത്തെ ധൈര്യപ്പെടുത്തി അവരോട് ഉറപ്പും ധൈര്യവും ഉള്ളവരായിരിപ്പിൻ..... നിങ്ങൾ ഭ്രമിക്കരുത് അവനോടു കൂടെയുള്ളതിലും വലിയ ഒരുവൻ നമ്മോടുകൂടെയുണ്ട് എന്നു പറഞ്ഞു. അന്നു തന്നെ ദൈവം




# Lesson 35

# HEZEKIAH

**Scripture** : 2 Deut. 32:24
Isaiah 38:1-22

**Memory Verse** : James 5:15

*The prayer offered in faith will make the sick person well; the Lord will raise them up. If they have sinned, they will be forgiven.*

**Lesson**

The kingdom of Israel was divided into two parts after the death of Solomon. Some of the kings of Judah, the southern kingdom, occasionally obeyed God and walked in His ways. Hezekiah was one of the good kings who feared God. When he became the king, he ordered the worship to be restored in the temple (2 Chronicles 29:35, 36). God blessed him because he ruled the people with the fear of God.

When Sennacherib, king of Assyria, attacked Jerusalem with his army, Hezekiah prayed to God for deliverance along with Isaiah, the prophet. Hezekiah encouraged the people to trust in the Lord and take courage because he believed that the Lord who was with them was greater than the god and people of Assyria. Thus, the Lord sent an angel to the Assyrian camp and killed all enemies in one night. Sennacherib then returned back to Assyria where he was killed by his own

ഒരു ദൂതനെ അശൂർ രാജാവിന്റെ പാളയത്തിലേക്കയച്ച് സകല പരാക്രമശാലികളേയും സംഹരിച്ചു. അശൂർ രാജാവ് സ്വദേശത്തേക്ക് ഓടിപ്പോയി. അവിടെ വച്ച് അവൻ അവന്റെ സ്വന്തം മക്കളാൽ കൊല്ലപ്പെട്ടു. ഇങ്ങനെ ദൈവം യെഹിസ്ക്കിയാവിന് വലിയ വിജയം നൽകി.

ഒരിക്കൽ യെഹിസ്ക്കിയാവിന് മരിക്കത്തക്ക രോഗം പിടിച്ചു. യെശയ്യാ പ്രവാചകൻ അവന്റെ അടുക്കൽ ചെന്ന് അവനോട് നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക. നീ മരിച്ചു പോകും സൗഖ്യമാകയില്ല എന്ന് യഹോവ അരുളിചെയ്യുന്നുവെന്ന് പറഞ്ഞു. അപ്പോൾ രാജാവിന് വലിയ ദുഃഖം ഉണ്ടായി. അവൻ കരഞ്ഞുകൊണ്ട് ദൈവത്തോട് തന്റെ പാപങ്ങൾ ഏറ്റു പറയുകയും രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു. ദൈവം അവന്റെ കണ്ണുനീർ കാണുകയും പ്രാർത്ഥന കേൾക്കുകയും ചെയ്തു. ദൈവം യെശയ്യാവിനെ അവന്റെ അടുക്കൽ അയച്ച് അവനോട് ഞാൻ നിന്റെ പ്രാർത്ഥന കേട്ടു, നിന്റെ കണ്ണീർ കണ്ടിരിക്കുന്നു. ഞാൻ നിന്റെ ആയുസ്സിനോട് 15 സംവത്സരം കൂട്ടം എന്ന് അരുളിചെയ്തു. (യെശയ്യാവ് 38:10-12 കാണുക) ദൈവം നമ്മുടെ പാപങ്ങളെ ക്ഷമിക്കുന്നവനും രോഗങ്ങളെ സൗഖ്യമാക്കുന്നവനുമത്രെ.

children. The Lord answered Hezekiah's prayer and honored him.

Once Hezekiah became very sick and was at the point of death. The prophet Isaiah son of Amoz went to him and said, "This is what the LORD says: Put your house in order, because you are going to die; you will not recover." Then Hezekiah turned his face to the wall and prayed to the Lord confessing his sins with tears. The Lord heard his prayer and saw his tears. The Lord asked Isaiah to go back to Hezekiah and communicate God's promise like this: "I have heard your prayer and seen your tears; I will add fifteen years to your life" (Isaiah 38:10-12)

Our God forgives our sins and heals our diseases. We need to confess our sins and pray for each other. Prayer offered to God with faith will heal the sick.

നിങ്ങൾക്ക് കുറിപ്പ് എഴുതാനുള്ള സ്ഥലം / *Write your notes here*

# പ്രവൃത്തി പരിചയം / WORK EXPERIENCE

## I. വിദ്യാർഥികളുമായി ചർച്ച ചെയ്യുക. Discuss with the students

1 യെഹിസ്കിയാ രാജാവ് ഭരണം തുടങ്ങിയ ഉടനെ എന്താണ് ചെയ്തത്? What did Hezekiah do when he became the king of Judah?

2 യെഹിസ്കിയാ രാജാവിന് മരണകരമായ രോഗം വന്നപ്പോൾ അവൻ എന്തു ചെയ്തു? What did Hezekiah do when he was sick and at the point of death?

**II.** നമ്മുടെ സമീപെ എപ്പോഴുമുള്ള നല്ല വൈദ്യനായ ദൈവത്തോട് നാം അനുഭവിക്കുന്ന രോഗങ്ങളുടെ വിവരം നൽകുക. ദൈവം നൽകുന്ന പ്രതിവിധി എന്തെന്ന് എഴുതുക. Would you tell God, the good doctor, who is always near to us about your health problems? Write the solution that God gives us.

രോഗങ്ങളുടെ വിവരണം List of diseases




